**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5523** — **25.10.2011 - ൽ മറുപടിക്ക്**

## മഞ്ചേശ്വരം - പാറശ്ശാല പാത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പമന്ത്രി) |
| (എ) മഞ്ചേശ്വരം - മുതൽ പാറശ്ശാല വരെ എക്സ്പ്രസ് ഹൈവേ മാതൃകയിലുള്ള പാത പരിഗണനയിലുണ്ടോ; | (എ) & (ബി) ദേശീയപാതാവികസന പദ്ധതിയുടെ ആറാം ഘട്ടത്തിൽ ഉൾപ്പെടുത്തി രാജ്യത്തെ 10,000 കി.മീ. ദൂരം "നാഷണൽ എക്സ്പ്രസ്‌വേ നെറ്റ് വർക്ക് " പൊതു-സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ നിർമ്മിക്കുവാൻ കേന്ദ്ര സർക്കാർ പദ്ധതിയിട്ടിരിക്കുകയാണ്. കന്യാകുമാരി മുതൽ തൃശ്ശൂർ വരെയും മൈസൂർ മുതൽ കോഴിക്കോട് വരെയും കൊല്ലം മുതൽ തേനി വരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തൃശ്ശൂർ മുതൽ കാസർകോട് വരെകൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം അതിന്റെ സാദ്ധ്യതാപഠനത്തിനു പരിഗണിക്കാമെന്ന് കേന്ദ്ര സർക്കാർ ഉറപ്പ നൽകിയിട്ടുണ്ട്. വാഹനപ്പെരുപ്പം കണക്കിലെടുത്താണ് എൻ.എച്ച്. 47 ഉം, എൻ.എച്ച്. 17 ഉം വീതി കൂട്ടാൻ പദ്ധതി നടപ്പിലാക്കിവരുന്നത്. എന്നാൽ ഈ പാതയിൽ കൂടിയുള്ള ദീർഘദൂര യാത്രയ്ക്ക് സമയം കൂടുതൽ എടുക്കുന്നതിനാൽ എക്സ്പ്രസ് ഹൈവേ ആവശ്യമാണ്. സംസ്ഥാനത്ത് ജനങ്ങൾക്കിടയിൽ അഭിപ്രായസമന്വയം ഉണ്ടാകുക യാണെങ്കിൽ എക്സ്പ്രസ് ഹൈവേ നിർമ്മിക്കാവുന്നതാണ്. |
| (ബി) വർദ്ധിച്ചു വരുന്ന ഗതാഗതക്കുരുക്ക് കണക്കിലെടുത്ത് ഇക്കാര്യം പരിഗണിക്കുമോ? | |

Sabitha

സെക്ഷൻ ഓഫീസർ